# കണ്ണൂർ സർവ്വകലാശാല

# (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 കെ. യു എച്ച്. ക്യു., തീയതി: 26.10.2023

**പ്രസിദ്ധീകരണത്തിന്**

**പുനർമൂല്യനിർണ്ണയഫലം**

നാലാം സെമസ്റ്റർ എം എസ് സി കെമിസ്ട്രി (വിത്ത് ഡ്രഗ് കെമിസ്ട്രി സ്പെഷ്യലൈസേഷൻ ) , എം എസ് സി സുവോളജി (സ്ട്രക്ച്ചർ , ഫിസിയോളജി , ഡെവലപ്മെന്റ് ആൻഡ് ക്ലാസ്സിഫിക്കേഷൻ ഓഫ് അനിമൽസ് ) , ഏപ്രിൽ 2023 പരീക്ഷകളുടെ പുനർമൂല്യനിർണ്ണയഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് .

**ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാം**

2023 മെയ് മാസം വിജയകരമായി ബിരുദം പൂർത്തിയാക്കിയ (2020 അഡ്മിഷൻ) പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റിന് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. പുനർമൂല്യ നിർണ്ണയം / ഇംപ്രൂവ്മെന്റ് ഫലങ്ങൾ ഫൈനൽ ഗ്രേഡ് കാർഡിൽ ചേർക്കാൻ ബാക്കിയുള്ളവർ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികളും ഈ അവസരംപരമാവധി ഉപയോഗിക്കേണ്ടതാണ്.

സർവകലാശാല വെബ്സൈറ്റിൽ (www.kannuruniversity.ac.in) സർട്ടിഫിക്കറ്റ്പോർട്ടലിൽ കൊടുത്ത നിർദ്ദേശങ്ങൾ പൂർണമായും വായിച്ച മനസിലാക്കിയശേഷമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ഹാൾടിക്കറ്റ്**

നവംബർ 1 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം എ ഡിഗ്രി (പ്രൈവറ്റ് രെജിസ്ട്രേഷൻ) നവംബർ 2022 (റെഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) പരീക്ഷകളുടെ ഹാൾടിക്കറ്റ് സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് . ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് ഫോട്ടോ പതിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം ഹാൾ ടിക്കറ്റിൽ നിർദ്ദേശിച്ച സെന്ററുകളിൽ ഹാജരാക്കേണ്ടതാണ് . ഹാൾ ടിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തുന്നവർ ഗവണ്മെന്റ് അംഗീകരിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ കാർഡ് പരീക്ഷാ സമയം കൈവശം കരുതേണ്ടതാണ്.

**ഒപ്പ് /-**

**അസിസ്റ്റന്റ് രജിസ്ട്രാർ I**

**പരീക്ഷാ വിഭാഗം.**